# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5327 25.10.2011 ൽ മറുപടിക്ക്

<u>പ്രേരക്മാർക്ക് വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| എ) | സംസ്ഥാനത്തെ സമ്പൂർണ്ണ സാക്ഷരതയിലേക്ക് എത്തിക്കുന്നതിലും വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽതേടി പോകുന്നവർക്ക് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയായ എസ്.എസ്.എൽ.സി നേടുന്നതിന് പ്രാപ്തരാക്കുന്നതിലും പ്രേരക്മാർ നിർണായക പങ്ക് വഹിച്ചതായി സർക്കാർ കരുതുന്നുണ്ടോ; | എ) | സംസ്ഥാനത്തെ സാക്ഷരതാ പ്രവർത്തനങ്ങളിലും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയായ പത്താംതരം തുല്യത നേടുന്നതിനും പ്രേരക്മാരും നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിൽ സന്നദ്ധസേവകർ നടത്തിയ പ്രവർത്തനവും ശ്രദ്ധേയമാണ്. |
| ബി) | പ്രേരക്മാർക്ക് എന്തെല്ലാം ഉത്തരവാദിത്വങ്ങളാണ് സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ളത്; | ബി) | 1. തുടർവികസന വിദ്യാകേന്ദ്രങ്ങൾ ഭംഗിയായും ചിട്ടയായും കൊണ്ടുപോവുക.<br>2. അവശേഷിക്കുന്ന നിരക്ഷരരെ കണ്ടെത്തി സാക്ഷരരാക്കുക.<br>3. തുല്യതാ പരിപാടികൾ പ്രാവർത്തികമാക്കുക.<br>4. നവസാക്ഷരർക്ക് ആവശ്യമായ വിദ്യാഭ്യാസവും തൊഴിൽ സന്നദ്ധതയും നൽകുക.<br>5. ഗ്രാമപഞ്ചായത്ത് സമിതിയുമായി സഹകരിച്ച് തുടർവിദ്യാകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ ജീവിതഗുണനിലവാര പരിപാടികൾ നടപ്പിലാക്കുക.<br>6. ആരോഗ്യവും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുക. |

7. ബോധവൽക്കരണ പരിപാടികൾ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുക.
8. ആജീവന വിദ്യാഭ്യാസത്തിന് താൽപര്യമുള്ള സമൂഹത്തിലെ എല്ലാ പേർക്കും ഇതിനുള്ള അവസരമൊരുക്കി കൊടുക്കുക.
9. സർവ്വെയിലൂടെ അവശേഷിക്കുന്ന നിരക്ഷരരെ കണ്ടെത്തുക.

തുടങ്ങിയവയാണ് സംസ്ഥാന സാക്ഷരതാമിഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം പ്രേരക് മാർക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ള ഉത്തരവാദിത്വങ്ങൾ.

സി) ഈ ഉത്തരവാദിത്തങ്ങൾ നിറവേറുന്നതിന് മതിയായ വേതനമാണ് അവർക്ക് നൽകുന്നത് എന്ന് സർക്കാർ കരുതുന്നുണ്ടോ?

സി) സാക്ഷരതാമിഷൻ പ്രേരക്മാർക്ക് ഇപ്പോൾ നല്കിവരുന്ന വേതനം താഴെ കൊടുക്കുന്നു.

വികസന വിദ്യാകേന്ദ്രം
പ്രേരക് - 1900/-

വികസന വിദ്യാകേന്ദ്രം
അസി. പ്രേരക് - 1500/-
(യാത്രപ്പടി ഉൾപ്പെടെ)

തുടർവിദ്യാകേന്ദ്രം
പ്രേരക് - 1500/-
(യാത്രപ്പടി ഉൾപ്പെടെ)

തുടർവിദ്യാകേന്ദ്രം
അസി. പ്രേരക് - 1300/-
(യാത്രപ്പടി ഉൾപ്പെടെ)

സെക്ഷൻ ഓഫീസർ